പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 388

03.02.2014- ലെ മറുപടിക്ക്

## ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ദാസൻ<br>" കെ. രാധാകൃഷ്ണൻ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. സാജുപോൾ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾ എന്ന രീതിയിൽ പരസ്യം നൽകിയതും അല്ലാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പരിശോധന നടത്താറുണ്ടോ; | എ) | പരാതിയുടെ അടിസ്ഥാനത്തിൽ ആണ് ആരോഗ്യവകുപ്പ് പരിശോധന നടത്താറുള്ളത്. ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന്റെ ഭാഗമായി മെന്റൽ ഹെൽത്ത് അതോറിറ്റി നിയോഗിക്കുന്ന സൈക്യാട്രിക്ക് ഇൻസ്പെക്ടിംഗ് ഓഫീസർമാർ ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തിവരുന്നു. |
| ബി) | പ്രസ്തുത സ്ഥാപനങ്ങൾ എല്ലാം തന്നെ അശാസ്ത്രീയമായ ചികിത്സാരീതികളാണ് പിന്തുടരുന്നതെന്നും യോഗ്യതയുള്ള ചികിത്സകർ ഇല്ലാത്തവയാണെന്നും മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇവയ്ക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | ബി) | അശാസ്ത്രീയമായ ചികിത്സാരീതികൾ പിന്തുടരുന്ന ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന്റെ ഭാഗമായും നിയമ നടപടികൾ കൈക്കൊണ്ട് വരുന്നു. |
| സി) | ലഹരിക്കടിമപ്പെട്ടവരെ സാമ്പത്തികമായും അല്ലാതെയും ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിച്ച് പകരം സർക്കാർ ആശുപത്രികൾ വഴി ശാസ്ത്രീയ ചികിത്സ നൽകാൻ തയ്യാറാകുമോ? | സി) | ലഹരി വിമോചന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലഹരിമരുന്നുകൾക്ക് അടിമപ്പെട്ട ആളുകളെ ചികിത്സിപ്പിക്കുന്നതിന് വേണ്ടി സർക്കാർ മെഡിക്കൽ കോളേജിലെ മനോരോഗവിഭാഗത്തിലും മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും ലഹരിവിമോചന ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇത് കൂടാതെ ജില്ലാ ആശുപത്രികളോട് അനുബന്ധിച്ച് മനോരോഗവിദഗ്ധർ ലഭ്യമായ താലൂക്ക് ആശുപത്രികളിലും ലഹരിവിമോചന ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങുവാൻ തീരുമാനിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ